"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 ആയിരുന്ന ശ്രീ. ജസ്സിൽ. കെ. എച്ച്-ന്റെ പിതാവിന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1383/2025/LSGD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06/ 02/2025-ലെ LSGD/PD/922/2023-DEG2 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 ആയിരുന്ന ശ്രീ. ജസ്സിൽ. കെ. എച്ച്-ന് തന്റെ പിതാവിന്റെ ചികിത്സയ്ക്കായി 05.05.2022 മുതൽ 11.05.2022 വരെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചെലവായ തുകയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ടി ചികിത്സയ്ക്ക് 1,03,375/-രൂപ അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ ഇടുക്കി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ സേവനമനുഷ്ഠിക്കുന്നതുമായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - 1 ശ്രീ.ജസ്സിൽ.കെ.എച്ച്-ന് തന്റെ പിതാവിന്റെ ചികിത്സയ്ക്കായി 05.05.2022 മുതൽ 11.05.2022 വരെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചെലവായ തുകയിൽ ആകെ അനുവദനീയ തുകയായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ച 1,03,375/-രൂപയുടെ 80% ആയ 82,700-രൂപ (എൺപത്തി രണ്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) ടിയാന് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.ജസ്സിൽ.കെ.എച്ച്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 , ഇടുക്കി ബ്ലോക്ക്

ഡവലപ്പ്മെന്റ് ഓഫീസ്, ഇടുക്കി.

(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
(ബില്ലുകളും രേഖകളും സഹിതം)

3) ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ഇടുക്കി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, ഇടുക്കി.

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം

5) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 3072922: LNS-L8/90/2025-FIN dated 31/05/2025)

6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Dipukumar S L
Date: 04-06-2025 13:42:14

സെക്ഷൻ ഓഫീസർ